# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 634 08.08.2017-ൽ മറുപടിക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

| | ചോദ്യം<br>ശ്രീ. എ.എം. ആരിഫ്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിലെ മാട്ടേൽ തുരുത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാട്ടേൽ തുരുത്തിലെ പത്ത് ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി വേമ്പനാട് കായലിന്റെ ഇരു കരകളിലും ഇ.എച്ച്.റ്റി ടവർ സ്ഥാപിച്ച് കായലിനു കുറുകെ 320 മീറ്റർ എൽ.റ്റി ലൈൻ വലിക്കേണ്ടതുണ്ടായിരുന്നു. ഈ പ്രവർത്തിക്കായി ടെന്റർ വിളിച്ചെങ്കിലും എസ്റ്റിമേറ്റ് തുകയ്ക്കും 199 ശതമാനം വരെ മുകളിൽ മാത്രം പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ തയ്യാറായിരുന്നതിനാൽ റീ- ടെൻഡർ ചെയ്യേണ്ടി വരുകയും അതിൽ 34 ശതമാനം മുകളിൽ പ്രവൃത്തി ചെയ്യാൻ കരാറുകാരൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം കണക്കാക്കി ഈ വിഷയം പരിഗണിക്കുകയും എസ്റ്റിമേറ്റ് തുകയ്ക്ക് 34 ശതമാനം മുകളിൽ പ്രവൃത്തി കരാർ നൽകാൻ അനുവദിക്കുകയും ചെയ്തു. |
| (ബി) | മാട്ടേൽ തുരുത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന്, അരൂർ എം. എൽ. എ.യുടെ മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര തുക വകയിരുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) | അരൂർ മണ്ഡലത്തിലെ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയ്ക്കായി 33.92 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മാട്ടേൽ തുരുത്തിലെ വൈദ്യുതീകരണത്തിനായി 23 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ